12687
2/6/17

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - വാഴൂർ ഗ്രാമപഞ്ചായത്തിലെ മുൻ സെക്ഷൻ ക്ലാർക്ക് ശ്രീമതി. രേഖ ടി. സോമൻ സമർപ്പിച്ച അപ്പീൽ അപേക്ഷ - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1735/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 26.05.2017

=====================================================================

പരാമർശം: 1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് ഓംബുഡ്സ്മാന്റെ 27.06.2013-ലെ ഒ.പി.1733/12 നമ്പർ വിധിന്യായം.

2. പഞ്ചായത്ത് ഡയറക്ടറുടെ 29.04.2016-ലെ ഡി5-22402/2014 നമ്പർ നടപടിക്രമങ്ങൾ

3. ശ്രീമതി. രേഖ ടി. സോമൻ സമർപ്പിച്ച 20.07.2016-ലെ അപ്പീൽ അപേക്ഷ

**ഉത്തരവ്**

ശ്രീ. അനിൽകുമാർ, കരിങ്ങനാട്ടിൽ ഹൗസ്, ചാമംപതാൽ എന്നയാൾക്ക് സമയബന്ധിതമായി കെട്ടിട നമ്പർ അനുവദിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ ബഹു. ഓംബുഡ്സ്മാൻ പരാമർശം (1) ലെ വിധിന്യായം പ്രകാരം നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം കുറ്റക്കാരെന്നുകണ്ടതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സെക്രട്ടറിക്കെതിരെയും സെക്ഷൻ ക്ലർക്കിനെതിരെയും അച്ചടക്ക നടപടികൾ സ്വീകരിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. സെക്ഷൻ ക്ലർക്കായിരുന്ന ശ്രീമതി രേഖ ടി. സോമന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് ടി നടപടിക്രമം പ്രകാരം തടഞ്ഞിരുന്നു.

ടി നടപടിക്രമത്തിനെതിരെ ടിയാരി പരാമർശം (3) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ വാഴൂർ ഗ്രാമപഞ്ചായത്തിൽ എട്ടാം വാർഡിൽ ചാമംപതാൽ, കരിങ്ങനാട്ടിൽ വീട്ടിൽ ശ്രീ.പി.പി. അനിൽകുമാറിന്റെ വീടിന് നമ്പർ ലഭിക്കുന്നതിന് 17/03/2012-ന് നല്കിയ അപേക്ഷയിന്മേൽ 26/03/2013-നാണ് നമ്പർ നല്കിയിട്ടുള്ളതെന്നും അപേക്ഷയിന്മേൽ പ്രാഥമിക മറുപടി നല്കുന്നതിന് സെക്രട്ടറി 68 ദിവസവും സെക്ഷൻ ക്ലർക്ക് 28 ദിവസവും കാലതാമസം വരുത്തി എന്നാണ് തന്റെ മേൽ ആരോപിച്ചിരിക്കുന്നതെന്നും ഈ ആരോപണത്തിലെ സംഗതി ഉണ്ടായിട്ടുള്ള 17/03/2012 മുതൽ 28 ദിവസം വരെയുള്ള കാലയളവും കഴിഞ്ഞ് 140 ദിവസം കൂടി പിന്നിട്ട് കഴിഞ്ഞ് 04/08/2012- ലാണ് താൻ വാഴൂർ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചതെന്നും താൻ ജോലിയിൽ ഇല്ലാതിരുന്ന കാലയളവിലെ ആരോപിത സംഗതി തനിക്കെതിരെ ഉന്നയിച്ചിട്ടുള്ളത് നീതിക്ക് നിരക്കാത്തതാണെന്നും തനിക്ക് ഇക്കാര്യത്തിൽ പങ്കില്ലെന്നും ആ കാലയളവിലെ സെക്രട്ടറിക്കും സെക്ഷൻ ക്ലർക്കിനും വീഴ്ച പറ്റിയെന്നും കോട്ടയം പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടറുടെ 04/06/2014-ലെ ഉത്തരവ് നമ്പർ എ.വി.എസ്. 2-9365/14 കത്തിൽ പ്രതിപാദിക്കുന്നുണ്ടെന്നും ടിയാരി ബോധിപ്പിച്ചിട്ടുണ്ട്. താൻ സേവനത്തിൽ പ്രവേശിച്ചപ്പോൾ തനിക്ക് കൈമാറ്റം ചെയ്ത തന്ന പെൻഡിംഗ് ഫയലുകളിൽ ടി അനിൽകുമാറിന്റെ പരാതി ഫയൽ കൈമാറ്റം ചെയ്ത തന്നിട്ടില്ലാത്തതും പ്രസ്തുത അപേക്ഷ ഉൾപ്പെട്ട

ഫയൽ 18/02/2013-ൽ മാത്രമാണ് തനിക്ക് സെക്രട്ടറി കൈമാറി ലഭ്യമാക്കിയിട്ടുള്ളതെന്നും 02/02/2013-ൽ ടി അപേക്ഷകൻ ബഹുമാനപ്പെട്ട വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച പരാതിയിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടപ്പോഴാണ് സെക്രട്ടറി 08/02/2013-ൽ ടി ഫയൽ തനിക്ക് കൈമാറി തന്നിട്ടുള്ളതെന്നും അന്നുതന്നെ ഫയൽ സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുള്ളതും 20/2/13-ൽ നനവാർന്ന മണ്ണുള്ള ഭൂമിയാണ് എന്ന് തെളിയിക്കുന്ന രേഖകൾ സമർപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ സെക്രട്ടറി നിർദ്ദേശിച്ചിട്ടുള്ളതും 23/02/2013-ൽ അപ്രകാരമുള്ള രേഖകൾ ഹാജരാക്കിയിട്ടില്ലായെന്നും തുടർനടപടികൾക്കായുള്ള നിർദ്ദേശം നല്കണമെന്നും കാണിച്ച് ടി ഫയൽ വീണ്ടും സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുള്ളതുമാണെന്നും ടിയാരി ബോധിപ്പിക്കുന്നു.

20/02/2013-ൽ നിലവിലുള്ള സ്ഥിതിയെ സംബന്ധിച്ച് രേഖകൾ ആവശ്യപ്പെട്ട് കത്ത് നല്കാൻ സെക്രട്ടറി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 05/03/2013-ൽ കരട് കത്ത് അംഗീകാരത്തിനായി സമർപ്പിക്കുകയും ടി ഫയൽ 08/03/2013-ൽ അംഗീകരിച്ച് തന്റെ കൈയ്യിൽ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ 13/03/2013-ൽ അനിൽകുമാറിന് കത്ത് നൽകുകയും ടി കത്തിൽ ഒരിക്കലും വെള്ളം വറ്റാത്ത തോടിനോട്ട ചേർന്നുള്ള ഭൂമിയാണെന്നും നനവാർന്ന സ്ഥലമാണെന്നും തെളിയിക്കുന്ന രേഖകൾ ഹാജരാക്കുകയോ ഭൂമി പരിശോധിക്കുന്നതിന് അനുമതി തരികയോ ഭൂമി ജലസമൃദ്ധമാണെന്ന് കാണിക്കുന്ന സത്യവാങ്മൂലം സമർപ്പിക്കുവാനോ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, ഭൂമി പരിശോധിച്ച് ബോധ്യപ്പെടാവുന്നതാണെന്ന് കാണിച്ച് ശ്രീ. അനിൽകുമാർ 20/3/13-ന് പഞ്ചായത്തിൽ നല്കിയ കത്ത് പ്രകാരം വാർഡിന്റെ അന്വേഷണ ചുമതലയുള്ള ക്ലർക്ക് ശ്രീ. പ്രദീപിന് ടി ഫയൽ കൈമാറിയിട്ടുള്ളതാണെന്നും ശ്രീ പ്രദീപ് 26/03/2013-ൽ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 26/03/2013-ൽ തന്നെ അനിൽ കുമാറിന്റെ വീടിന് നമ്പർ അനുവദിച്ചിട്ടുള്ളതാണെന്നും ടിയാരി ബോധിപ്പിച്ചിട്ടുണ്ട്. കൂടാതെ അപേക്ഷകളിന്മേൽ മുൻഗണനാക്രമം പാലിക്കാത്തത് സംബന്ധിച്ച് സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം കത്തിടപാടുകൾ നടത്തേണ്ടി വന്നതിനാലും അതിനുശേഷം ലഭിച്ച അപേക്ഷകളിന്മേൽ കാലതാമസം ഉണ്ടാവാതിരിക്കാനും അപേക്ഷകർക്ക് സമയബന്ധിതമായി നമ്പർ നല്കുന്നതിനും വേണ്ടിയാണ് അനിൽകുമാറിന്റെ കാര്യത്തിൽ മുൻഗണനാക്രമം പാലിക്കാൻ സാധിക്കാതെ വന്നതെന്നും ബോധിപ്പിച്ചിട്ടുണ്ട്.

മഴവെള്ള സംഭരണിയില്ലാതെ നമ്പർ നല്കിയിട്ടുള്ള 5 കെട്ടിടങ്ങളിൽ ഒരെണ്ണം ടി പരാതിക്കാരന്റെയാണെന്നും ശേഷിക്കുന്ന നാലെണ്ണത്തിൽ ഒരെണ്ണം മഴവെള്ള സംഭരണി നിലവിലുള്ളതാണെന്നും രണ്ടെണ്ണം താൻ വാഴൂർ ഗ്രാമപഞ്ചായത്തിൽ ചുമതല ഏൽക്കുന്നതിന് മുൻപ് നല്കിയിട്ടുള്ളതാണെന്നും പിന്നീടുള്ള ഒരെണ്ണം പരിശോധന നടത്തി റിപ്പോർട്ടെഴുതി നമ്പർ നല്കിയിരിക്കുന്നത് സെക്രട്ടറി നേരിട്ട് തന്നെയാണെന്നും ടിയാരി ബോധിപ്പിച്ചിട്ടുണ്ട്. കൂടാതെ അനാവശ്യ കത്തിടപാടുകൾ നടത്തിയിട്ടുള്ളത് സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം മാത്രമാണെന്നും താൻ ടി ഓഫീസിലെ ജീവനക്കാരി എന്ന നിലയിൽ ഓഫീസ് മേധാവിയുടെ നിർദ്ദേശം പാലിക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും മറിച്ച് തന്റെ ഭാഗത്തുനിന്നും ടി കെട്ടിടത്തിന് നമ്പർ നല്കുന്നതിന് ഒരു വീഴ്ചയും വരുത്തിയിട്ടില്ലായെന്നും ടിയാരി ബോധിപ്പിക്കുന്നു. പൗരാവകാശ രേഖകളിൽ 5 ദിവസത്തിനകം നമ്പർ നല്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ടി അപേക്ഷ ലഭിച്ചത് 17/03/2012-ൽ ആണെന്നിരിക്കെ ടി കാലയളവിൽ താൻ ഈ ഓഫീസിൽ സേവനത്തിൽ പ്രവേശിച്ചിട്ടില്ലാത്തതാണെന്നും കൂടാതെ സെക്രട്ടറി നിർദ്ദേശിച്ച പ്രകാരം രേഖകളെല്ലാം ഹാജരാക്കി ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ട് ലഭിച്ച് 26/03/2013-ൽ തന്നെ താൻ കെട്ടിടത്തിന് നമ്പർ അനുവദിക്കുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണെന്നും ടിയാരി ബോധിപ്പിച്ചിട്ടുണ്ട്.

ശ്രീ. രേഖ ടി. സോമന്റെ ആവശ്യപ്രകാരം തദ്ദേശ സ്വയംഭരണ ഡെപ്യൂട്ടി സെക്രട്ടറി ടിയാരിയെ നേരിൽ കേട്ടു. നേരിൽ കേട്ട വേളയിലും ടിയാരി എതിർവാദ പത്രികയിൽ പറയുന്ന വിവരങ്ങൾ തന്നെ ബോധിപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം ശ്രീ. രേഖ ടി. സോമൻ സമർപ്പിച്ച എതിർവാദ പത്രികകളുടെയും നേരിൽ കേട്ട വേളയിൽ ടിയാരി സമർപ്പിച്ച വാദങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു ടിയാരിയുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചകളൊന്നും ഉണ്ടായിട്ടില്ല എന്നു കാണുന്ന സാഹചര്യത്തിൽ വാഴൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്ഷൻ ക്ലാർക്ക് ശ്രീമതി. രേഖ ടി. സോമനെതിരെ പഞ്ചായത്ത് ഡയറക്ടർ സ്വീകരിച്ച അച്ചടക്ക നടപടി റദ്ദാക്കി ടിയാരിക്ക് "താക്കീത്" നൽകി ടിയാരി സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ,**
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീമതി. രേഖ ടി. സോമൻ, മുൻ സെക്ഷൻ ക്ലാർക്ക്, വാഴൂർ ഗ്രാമപഞ്ചായത്ത്.
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/261/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ